# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6148 | 09/07/2013 - ൽ മറുപടിക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ ധനസഹായം

### ചോദ്യം

ശ്രീ. കെ. ദാസൻ

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട് ; ധനസഹായം ലഭിച്ചത് ആർക്കെല്ലാം ; പേരും വിലാസവും വിശദമാക്കി മത്സ്യ ഗ്രാമം തിരിച്ച് പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായത്തിന് പരിഗണിച്ച ലിസ്റ്റിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണവും ഒഴിവാക്കിയത് ആരെയെല്ലാം എന്നും വിലാസം സഹിതം വിശദമാക്കാമോ ;

### ഉത്തരം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ആകെ 127 മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ആയി ധനസഹായം അനുവദിച്ചവരുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.

(ബി) മാതൃകാ മത്സ്യബന്ധനഗ്രാമം പദ്ധതി (2-ാം ഘട്ടം) യിൽ ഭവന നിർമ്മാണ ധനസഹായത്തിനായി ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി (2012-2013) അർഹതാ ലിസ്റ്റിൽ ബാക്കിയുള്ളവരിൽ നിന്നും തെരഞ്ഞെടുക്കുവാൻ ഉത്തരവാകുകയും എന്നാൽ ജില്ലാതല ബെനിഫിഷറി കമ്മിറ്റി തീരുമാന പ്രകാരം പ്രസ്തുത ലിസ്റ്റിൽ ബാക്കി ഉൾപ്പെട്ട അപേക്ഷകളിൽ പുനരന്വേഷണം നടത്തുന്നതിന്

| | | | |
|---|---|---|---|
| | | | തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഭവന നിർമ്മാണ ധനസഹായം ലഭിച്ചവരെയും വീടു നിർമ്മാണം പൂർത്തീകരിച്ചവരെയും വീടിന്റെ കോക്രീറ്റ് റൂഫ് നിർമ്മാണം പൂർത്തീകരിച്ചവരെയും ഒഴിവാക്കി അർഹതാ ലിസ്റ്റ് വീണ്ടും തയ്യാറാക്കുകയും ജില്ലാ തല ബെനിഫിഷറി കമ്മിറ്റി അംഗീകരിക്കുകയുമുണ്ടായി. പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവരുടെ പേരും വിലാസവും മത്സ്യഗ്രാമം തിരിച്ച് അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ആനുകൂല്യ വിതരണത്തിന്റെ പുരോഗതിയും എത്ര പേർക്ക് ധനസഹായം ലഭ്യമായി എന്നും ലഭ്യമായത് ആർക്കെല്ലാം എന്നും വ്യക്തമാക്കാമോ ; | (സി) | പ്രസ്തുത ആനുകൂല്യ വിതരണത്തിന്റെ പുരോഗതിയും ധനസഹായം ലഭ്യമായവരുടെ എണ്ണവും അനുബന്ധം (3) ആയി ചേർക്കുന്നു. |
| (ഡി) | കൊയിലാണ്ടി മണ്ഡലത്തിൽ ഭവന രഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട് എന്നും അവർ ആരെല്ലാം എന്നതും പേര്, വിലാസം എന്നിവ വിശദമാക്കി മത്സ്യഗ്രാമം തിരിച്ച് വിശദമാക്കാമോ ; | (ഡി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഭവന രഹിതരായ മത്സ്യത്തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല |
| (ഇ) | ഭവനരഹിതരായ ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ.